# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

കോട്ടയം–686001

ഇ–മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481–2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി7- 1196/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 12/09/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കടനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി7- 1196/25

തീയ്യതി: 12/09/2025

# കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ശ്രീ മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 07-07-2025 | 14-07-2025 |
| ശ്രീമതി ബീനാകുമാരി സി ആർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-07-2025 | 17-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-07-2025 | 17-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സജി പി ആർ,ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ യോഗേഷ് ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ഉണ്ണികൃഷ്ണൻ എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ജയന്ത് ഹരി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജിജി തമ്പി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ ലിജോ ജോബ് | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മഞ്ജുദേവി യു ആർ | കൃഷി ഓഫീസർ | 01-04-2024 | 10-12-2024 |
| ശ്രീമതി രാഖി ജോസ് | കൃഷി ഓഫീസർ | 11-12-2024 | 31-03-2025 |
| ഡോ സുനിൽ വി ബി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ വിവേക് മാത്യൂ | മെഡിക്കൽ ഓഫീസർ(PHC) | 01-04-2024 | 30-07-2024 |

| | | | |
|---|---|---|---|
| ഡോ ബ്രിജിറ്റ് ജോൺ | മെഡിക്കൽ ഓഫീസർ(PHC) | 31-07-2024 | 31-03-2025 |
| ഡോ അന്ന വിശ്വം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീമതി നസീമ ഇ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 19-08-2024 |
| ശ്രീമതി ജൊവാൻസി മാത്യൂ | ഐ സി ഡി എസ് സൂപ്പർവൈസർ | 20-08-2024 | 31-03-2025 |
| ശ്രീമതി അശ്വതി കെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2024 | 19-08-2024 |
| ശ്രീ അനീഷ് സാം തരകൻ | അസിസ്റ്റന്റ് എൻജിനീയർ | 20-08-2024 | 31-03-2025 |
| ശ്രീമതി രവീണ രവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ സനിത് കുമാർ റ്റി എൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി ശാലിനി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി.അംബിക ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊല്ലപ്പള്ളി) | 01-04-2024 | 31-03-2025 |
| ശ്രീ.ലൌജിൻ സണ്ണി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( നീലൂർ) | 01-04-2024 | 31-03-2025 |
| ശ്രീമതി.സുജാത വി.ബി | ഹെഡ് മിസ്ട്രസ്സ്.ഗവ.എൽ.പി .സ്കൂൾ ,കടനാട് | 01-04-2024 | 31-05-2024 |
| ശ്രീമതി.ഷീബ ജോർജ്ജ് | ഹെഡ് മിസ്ട്രസ്സ്.ഗവ.എൽ.പി.സ്കൂൾ ,കടനാട് | 01-06-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല | 1-1-3 |
| 5 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-4 |
| 6 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല | 1-1-5 |
| 7 | വരവ് തുക നിർദ്ദേശിക്കപ്പെടുന്ന കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടില്ല | 1-1-6 |
| 8 | ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് - തുക ക്രമീകരിച്ചില്ല | 1-1-7 |
| 9 | റിഡംപ്ഷൻ തുക വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല | 1-1-8 |
| 10 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക RP-49 ഷെഡ്യൂളിൽ ഉൾപ്പെട്ടില്ല | 1-1-9 |
| 11 | KURDFC - ലോൺ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-10 |
| 12 | വാടക നിക്ഷേപം വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല | 1-1-11 |
| 13 | നിക്ഷേപ പ്രവൃത്തിക്കായി നൽകിയ തുക അഡ്വാൻസ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതിഅവലോകനം. | 1-5 |
| 18 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | സാമൂഹ്യസുരക്ഷാ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | രസീത് ബുക്കിലെ ഉപയോഗിക്കാത്ത രസീത്കളുടെ ഡ്യൂപ്ലിക്കേറ്റ് നഷ്ടപ്പെട്ടു | 1-11 |
| 24 | വസ്തു നികുതി - മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് ബാധകമാക്കിയില്ല | 1-12 |

| | | |
|---|---|---|
| 25 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-13 |
| 26 | ബാപ്പുജി അൺ എയ്ഡഡ് പബ്ലിക് സ്കൂൾ, എലിവാലി - വകുപ്പ് 207 ന്റെ പരിധിയിൽ ഉൾപ്പെടുത്തി വസ്തു നികുതി ഒഴിവാക്കി നൽകി | 1-14 |
| 27 | സെൻറ് ജോർജ്ജ് ചർച്ച്, എലിവാലി - കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ അവ്യക്തത | 1-15 |
| 28 | പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല | 1-16 |
| 29 | അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു. | 1-17 |
| 30 | അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തുക കൈമാറൽ- കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല | 1-18 |
| 31 | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കലും മീറ്റർ സ്ഥാപിക്കലും- വിനിയോഗിച്ചതിന് ശേഷമുള്ള ബാക്കി തുക ക്രമീകരിച്ചില്ല | 1-19 |
| 32 | ജലനിധി സുസ്ഥിരതാ പദ്ധതി- പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 1-20 |
| 33 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല | 1-21 |
| 34 | ആശ്രയ- അഗതിരഹിതകേരളം പദ്ധതി- പ്ലാൻഫണ്ട് പൂർണ്ണമായും ചെലവഴിച്ചില്ല. | 1-22 |
| 35 | റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്ത് തനത് ഫണ്ട് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തത്- തെറ്റായി അക്കൌണ്ട് ചെയ്തു. | 1-23 |
| 36 | കണ്ടൂർ തോട് ശുചീകരണം- മരാമത്ത് ബില്ലിൽ അധികനിരക്കിൽ ജി.എസ്.റ്റി കണക്കാക്കി. | 1-24 |
| 37 | കൊടുമ്പിടി ടൗൺ കുടിവെള്ളപദ്ധതിക്ക് സംരക്ഷണഭിത്തി നിർമ്മാണം- അപാകതകൾ | 1-25 |
| 38 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - പദ്ധതി പൂർത്തീകരിക്കാതെ തുടരുന്നു | 1-26 |
| 39 | ലൈഫ് ഭവനപദ്ധതി- സ്ഥലം ലഭ്യമായ ഗുണഭോക്താവ് നാല് വർഷം കഴിഞ്ഞിട്ടും വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-27 |
| 40 | ലൈഫ് ഭവന പദ്ധതി- നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു | 1-28 |
| 41 | ഹെൽത്ത് ഗ്രാന്റ്-അവലോകനം | 1-29 |
| 42 | ജൽ ജീവൻ മിഷൻ - പദ്ധതി അവലോകനം | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |

| | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കടനാട് ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാ ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 09.05.2025 തീയ നം. തീരുമാനം പ്രകാരം അംഗീകരിച്ച്, 29.05.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ച വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ച (അക്കൗണ്ട്സ് ) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാമ്പ 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പു മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്റെ ഉത്തരവാദിത്തം.

2) സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ച സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അ വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയര ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യാ ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തു പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ച സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതു ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകര അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകര അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തി വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമാ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 3 അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2025 ലെ നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി 12-09-**
**2025**

**ഡെപ**

## 1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷ

പഞ്ചായത്തിന്റെ 31.03.2025 തീയതിയിലെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26.07.2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-3 മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്ക തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യ പത്രികയിൽ നൽകിയ ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

## 1-1-4 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾ

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്ക് പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തേണ്ടതാണ്. എന്ന വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധ ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബ പ്രകാരം, പഞ്ചായത്തിന്റെ സ്റ്റോക്ക് മൂല്യം NIL ആണ്.

## 1-1-5 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തുന്നി

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തി ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എ രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങള പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ രണ്ട് തവ ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-6 വരവ് തുക നിർദ്ദേശിക്കപ്പെടുന്ന കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെ

വിവിധ വാർഡുകളിലെ മൊബൈൽ ടവർ ഇൻസ്റ്റലേഷൻ ഇന്റിമേഷനുമായി ബന്ധ വന്നിട്ടുള്ള തുക, 140120108 - Fee For The Erection Of Telecommunication Towers/ Poles Accessory Rooms എന്ന കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടില്ല. നിലവിൽ Application Fee എന്ന കണക്ക് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

## 1-1-7 ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് - തുക ക്രമീകരിച്ചില്ല

B-2/ 311100101 : ഡിസ്ട്രസ്സ് റിലീഫ് ഫണ്ടുമായി ബന്ധപ്പെട്ട്, ബാങ്ക് ചാർജ്ജസ്, ഇനങ്ങളിലായി 1957/- രൂപ ക്രമീകരിച്ചില്ല.

## 1-1-8 റിഡംപ്ഷൻ തുക വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

03.04.2024 -ൽ STSB അക്കൗണ്ടിൽ (നം. 799013000000070) ക്രെഡിറ്റ് വന്നിട്ടുള്ള 2024 തുകയായ 1,34,058/- രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-9 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക RP-49 ഷെഡ്യൂളിൽ ഉൾപ്പെട്ടില്ല

S0 264/ 2025 നമ്പർ പദ്ധതിയിൽ നിക്ഷേപ പ്രവൃത്തിയുമായി ബന്ധപ്പെട്ട്, കെ. എസ്. നിക്ഷേപിച്ചിട്ടുള്ള 7,99,887/- രൂപ, RP-49/ 460500202 - Advance To Implementing Agencies Kerala Electricity Board എന്ന ശീർഷകത്തിൽ ഉൾപ്പെട്ടില്ല.

## 1-1-10 KURDFC - ലോൺ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു

വായ്പയുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം (KGB Kadanad A/C No: 4
തൻ വർഷം ലഭ്യമായ വായ്പ തുക 10,00,000/- രൂപ ആണെന്നിരിക്കെ, വാർഷിക ധന
പ്രകാരം, 15,00,000/- രൂപയാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത് (RP-31/ 330500201).
ബാലൻസ് ഷീറ്റ് തുകകളിൽ (B-5/ 330500201) ഉൾപ്പെടെ വ്യത്യാസം നിലനിൽക്കുന്നു. (ഈ
ഖ. നം. 4-6 കൂടി കാണുക)

## 1-1-11 വാടക നിക്ഷേപം വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല

ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുന്ന, വാടക നിക്ഷേപ തുകകൾ വാർഷിക
ഉൾപ്പെടുത്തുന്നില്ലാത്തതിനാൽ, (B-7) ഷെഡ്യൂളിൽ നിന്നും വാടക നിക്ഷേപ തുകക
ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

## 1-1-12 നിക്ഷേപ പ്രവൃത്തിക്കായി നൽകിയ തുക അഡ്വാൻസ് ശീർഷകത്തിൽ അക്കൗ

S0243/ 2025 നം. വാർഷിക പദ്ധതിയിൽ നിക്ഷേപ പ്രവൃത്തിയുമായി ബന്ധപ്പെട്ട്, 8443-
Civil Deposits - PW Deposits എന്ന കണക്ക് ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുള്ള 2,4
(ഹെൽത്ത് ഗ്രാന്റ്), Advance To Implementing Agencies - Deposit With PWD എന്ന ശ
അക്കൗണ്ട് ചെയ്തിട്ടില്ല. (ഈ റിപ്പോർട്ടിന്റെ ഖ. നം. 1-26 കൂടി കാണുക)

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 20.02.2024 തീയതിയിലെ 5/1 നം. തീര
അംഗീകരിച്ചു. 11.02.2025 തീയതിയിലെ 6 നം. തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരി
ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവുചെലവ്, വിവരങ്ങൾ ചുവടെ ചേർക്കുന്ന

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 8368022 | 9055670 |
| വരവ് | 170106352 | 170188181 |
| ആകെ | 178474374 | 179243851 |
| ചെലവ് | 176633796 | 170483945 |
| നീക്കിയിരിപ്പ് | 1840578 | 8759906 |

## 1-3 സാമ്പത്തിക വിശകലനം

### റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 28186634 |
| ഓഡിറ്റ് വർഷത്തെ വരവ് (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 40786885 |
| ആകെ (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 68973519 |
| ഓഡിറ്റ് വർഷത്തെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 37941318 |
| നീക്കിയിരിപ്പ്(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 31032201 |

### ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 128535017 |
| ആകെ ചെലവ് | 124475531 |
| പ്രവർത്തന ലാഭം | 4059486 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) പ്രകാരം കുറവു ചെയ്തത് | 387652 |
| | |

| | |
|---|---|
| അറ്റ പ്രവർത്തന ലാഭം | 4447138 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1525787/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരി /ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15471000 | 15471000 | 15409415 | 61585 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1910000 | 1910000 | 1775761 | 134239 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 402000 | 402000 | 402000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 16484000 | 16484000 | 16434907 | 49093 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6315000 | 6315000 | 4470121 | 1844879 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 2694119 | 6549029 | 9243148 | 2781415 | 6461733 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 2356634 | 2807907* | 5164541 | 3803196 | 1361345 |
| ഐ.സി.ഡി.എസ് | 937440 | 1165967 | 2103407 | 236574 | 1866833 |
| ലൈബ്രറി ഗ്രാന്റ് | 18886 | 0 | 18886 | 0 | 18886 |
| സമ്പൂർണ്ണ ശുചിത്വം | 99949 | 0 | 99949 | 0 | 99949 |
| സാക്ഷരത | 20846 | 0 | 20846 | 0 | 20846 |
| എസ് ജി എസ് വൈ | 1391 | 0 | 1391 | 0 | 1391 |
| ജലനിധി | 2933019 | 1086861 | 4019880 | 0 | 4019880 |
| ഡ്രിംഗിങ് വാട്ടർ സ്കീം | 675538 | 0 | 675538 | 0 | 675538 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 1027041 | 351870 | 1378911 | 575278 | 803633 |
| ഹെൽത്ത് ഗ്രാന്റ് (ഹെൽത്ത്&വെൽനെസ് സെന്റേഴ്സ്) | 342237 | 540130 | 882367 | 334000 | 548367 |
| ഹെൽത്ത് ഗ്രാന്റ് (ബിൽഡിംഗ് ലെസ് സബ്സെന്റേഴ്സ്) | 2805171 | 80003 | 2885174 | 773314 | 2111860 |

* അലോട്ട്മെന്റ് തുകയോടൊപ്പം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 201624 /- രൂപ

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലേയും വിനിയോ
അപാകതകളും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി വിഹിതങ്ങളിൽനിന 1926480/- രൂപ, 1335/- രൂപ, 22916/- രൂപ വീതം KURDFC വായ്പ തിരിച്ചടവ്, ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അ ഇത്തരത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് , കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്റ്റായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ തൻവർഷത്തെ മറ്റ് അലോട്ട്മെന്റുകൾ കൂടാതെ 20 ലഭിക്കാതിരുന്ന ടൈഡ് ഫണ്ട് രണ്ടാം ഗഡു ബാങ്ക് അക്കൗണ്ടിലേക്കും 2020-21 മുതൽ ചെലവഴിക്കാതെ ലാപ്സായ ടൈഡ്-അൺടൈഡ് ഫണ്ടുകൾ രണ്ട് ഗഡുക്കളായി അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്.
3. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പ 201624/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.
4. ഹെൽത്ത് ഗ്രാന്റുകളുടെ വരവ് വാർഷിക കണക്കുകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്കും വിശദീകരണങ്ങൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതിഅവലോകനം.

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 3(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 2 84898/24/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം

വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന അംഗീകരിച്ച് കമ്മറ്റി തീരുമാനം | 3(1)/ 15.11.2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 16.12.2023 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 30.12.2023 മുതൽ 07.01.2024 വരെ |
| ആസൂത്രണസമിതി യോഗം | 08.12.2023 |
| വികസനസെമിനാർ | 10.01.2024 |
| ഗുണഭോക്തൃതതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 07.09.2024മുതൽ 30.09.2024വരെ |
| ഭിന്നശേഷി ഗ്രാമസഭ | 05.01.2024 |
| ഊരുകൂട്ടം | 05.01.2024 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേ

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളു എണ്ണം/ ശതമാനം |
|---|---|---|---|---|---|
| 199 | 91533969 | 156 | 54382927 | 43 | 140/(70%) |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേ

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 1598400 | 7 | 159840 |
| വെറ്റിനറി സർജൻ | 2 | 642848 | 2 | 628730 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 12 | 5007957 | 10 | 300583 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 715000 | 3 | 715000 |
| വി.ഇ.ഒ | 15 | 25353200 | 14 | 127893 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4653500 | 5 | 303872 |
| സെക്രട്ടറി | 41 | 11010191 | 28 | 660670 |
| അസിസ്റ്റന്റ് എൻജിനീയർ | 90 | 37297189 | 65 | 224181 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 160000 | 1 | 64000 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2241267 | 2 | 135498 |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 2311415 | 15 | 1634013 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ | 4 | 543002 | 4 | 528981 |
| ആകെ | 199 | 91533969 | 156 | 543829 |

**<u>2089796/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടുത്തു.</u>**

2024-25 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ( പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 2( സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 15471000 | 15409415 | 61585 |
| വികസന ഫണ്ട് (എസ്.സി.പി) | 1910000 | 1775761 | 134239 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 16484000 | 16434907 | 49093 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 6315000 | 4470121 | 1844879 |
| ആകെ | | | 2089796 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയ പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 20 ലക്ഷത്ത

നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധ എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗം (99.6%), ടി.എസ്.പി(100%), സംരക്ഷണ (99.7%) എന്നിങ്ങനെ തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

- <u>നിക്ഷേപ പ്രവൃത്തികൾ- 5282760 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നി തുകയിൽ 5282760/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ബോർഡിൽ നിക്ഷേപിച്ച 3030615/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ 1022745/- രൂപയുടെ വിനിയോഗ വിവരവും, അനർട്ടിൽ നിക്ഷേപിച്ച 1229400/- രൂപയുടെ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ ല ലഭ്യമാക്കേണ്ടതുമാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭര നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റി പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോ ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണ സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്ര വർഷം 48 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചാ വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡി ലേബർ ബജറ്റ് പ്രകാരം 159 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 108 പ്ര സാങ്കേതികാനുമതി ലഭിച്ചതിൽ 108 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ലക്ഷം രൂപ. 30953 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 196 തൊഴിലാളികൾ 100 തൊഴ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 139 അയൽക്കൂട്ടങ്ങളിൽ 139 എണ്ണവും സഹകരിച്ചിട്ടുണ്ട്. 520 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സം മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, പട്ടുതാകുളം നിർമ്മാണ പ്രവൃത്തികളും അംഗൻവാടി നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണ നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയ കണക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 31758 | 1456427 | 1488185 | 1487793 | 392 |
| ഇ.എഫ്.എം.എസ് | 0 | 13837439 | 13837439 | 13837439 | 0 |
| ആകെ | 31758 | 15293866 | 15325624 | 15325232 | 392 |

വാർഷിക കണക്ക് പ്രകാരമുള്ള മുന്നിരിപ്പ് ചെലവ് തുകകൾ കാഷ് ബുക്ക് പ്രകാരമുള്ള വ്യത്യാസപ്പെട്ടിരിക്കുന്നു. കാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ് 23 രൂപയും വാർഷിക കണ മുന്നിരിപ്പ് 31758 രൂപയുമാണ്. ചെക്ക് നമ്പർ 957732/26.3.24 പ്രകാരം നൽകിയ 31758 രൂപ 31.3.24 നകം കാഷ് ചെയ്തിരുന്നില്ല. ആയതിനാലാണ് ടി വ്യത്യാസം. വാർഷിക കണക ചെലവിലും ടി വ്യത്യാസം നിലനിൽക്കുന്നു.

## <u>1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 7300 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 3393200 | 208 |
| വിധവാ പെൻഷൻ | 7105200 | 471 |
| വാർദ്ധക്യകാല പെൻഷൻ | 26473800 | 1766 |
| വികലാംഗ പെൻഷൻ | 3394800 | 223 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 694400 | 44 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ 07.07.2025 തീയതിയിൽ 3 പി.എം.-ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടള പരിശോധനയിൽ 900/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഓഡിറ്റ് കാലയളവിലെ ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമപ പ്രധാന തനത് വരുമാനമായ വസ്തുനികുതിയിനത്തിൽ കുടിശികയുണ്ടെങ്കിലും തൊഴിര നികുതിയേതര വരവുകളും കൃത്യമായി പിരിച്ചെടുത്തിട്ടുണ്ട്. വിവിധ അക്കൗണ്ടുകളു നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡ എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റേ വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.07.22 | 2022 മാർച്ച് | PA.2-697/22/22.11.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/06/2006 | 2005-06 വരെ | LBA(HQ)8A/1000/415 തീയതി 21/07/2006 |

## 1-11 രസീത് ബുക്കിലെ ഉപയോഗിക്കാത്ത രസീത്കളുടെ ഡ്യൂപ്ലിക്കേറ്റ് നഷ്ടപ്പെട്ടു

പഞ്ചായത്തിൽ ഉപയോഗിക്കുന്ന രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 3 രസീത് ബുക്ക് 10/2/2025 ൽ കൃഷി ഓഫീസർ ഒപ്പിട്ട് കൈപ്പറ്റിയിരുന്നു. ഈ ബുക്കിലെ വരെയുള്ള രസീത് ഉപയോഗിച്ചിട്ടുണ്ട്. ഉപയോഗിക്കാതെ ശേഷിക്കുന്ന 90 മുതൽ 10 രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് രസീത് ബുക്കിൽ നിന്നും നഷ്ടപ്പെട്ടതായി കാണുന്നു നഷ്ടപ്പെടാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എ /11-07-2025) മറുപടിയായി ഡ്യൂപ്ലിക്കേറ്റുകൾ അബദ്ധവശാൽ നഷ്ടപ്പെട്ടതാണെന്നും പണം ഉപയോഗിച്ചിട്ടില്ലെന്നും അറിയിച്ചു. 90 മുതൽ 100 വരെയുള്ള രസീതുകൾ ക്യാൻസൽ നഷ്ടപ്പെട്ട ഡ്യൂപ്ലിക്കേറ്റുകൾ ദുരുപയോഗം ചെയ്യുന്നില്ലെന്ന് പഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി – മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ബാധകമാക്കിയില്ല

2024-25 സപ്ലിമെന്ററി ടാക്സ് അസസ്മെന്റ് ഡേറ്റാബേസ് പ്രകാരം, ഗ്രാമ പഞ്ചാ വാർഡിൽ സ്ഥിതി ചെയ്യുന്ന "വാണിജ്യാവശ്യം, 500 ച. മീ മുകളിൽ" എന്ന ഉപയോഗക്രമത്ത കെട്ടിടത്തിന്റെ തറ നിർമ്മിതി, 'മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്,മറ്റ വസ്തുക്കൾ' എന്ന പ്രകാരം, 04/06/2024 പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിരിക്കുന്ന M2). 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങ പട്ടിക-6 പ്രകാരം, 250 ചതുരശ്രമീറ്ററിൽ കൂടുതലുള്ള മേൽത്തരം തറ നിർമ്മിതിയുള്ള 6 അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് നൽകേണ്ടതുണ്ട്. എന്നാൽ, 272.1 വിസ്തീർണ്ണമുള്ള, വിഭജിച്ച് നമ്പർ നൽകിയ പ്രസ്തുത കെട്ടിടത്തിന് വസ്തുനികുതി ഡേറ്റാബേ വർദ്ധനവ് ബാധകമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് / വിലാസം | തറ വിസ്തീർണ്ണം (ച. മീ) | അടിസ്ഥാന നികുതി (Rs.) | മേൽത്തരം തറ നിർമ്മിതിയ്ക്ക് നൽകിയ വർദ്ധനവ് |
|---|---|---|---|---|---|
| 1) | VI/ 60 K | ജോസഫ് & മേഴ്സി ജോസഫ് കൊച്ചുകുടി കുറുമണ്ണ് | 37.14 | 3156.90 | വർദ്ധനവ് നൽകിയിട്ടില്ല |
| 2) | VI/ 60 L | | 37.14 | 3156.90 | |
| 3) | VI/ 60 M | | 29.10 | 2473.50 | |
| 4) | VI/ 60 N | | 24.55 | 2086.75 | |
| 5) | VI/ 60 O | | 19.78 | 1681.3 | |
| 6) | VI/ 60 P | | 40.81 | 3468.85 | |
| 7) | VI/ 60 Q | | 47.21 | 4012.85 | |
| 8) | VI/ 60 R | | 36.37 | 3091.45 | |
| | **ആകെ** | | **272.1** | **23128. 5/-** | |

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജു ചട്ടം 3(5) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്ര കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചു എന്നാൽ, ഡേറ്റാബേസ് പ്രകാരം, പ്രസ്തുത നമ്പറുകളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ എല്ലാം "വ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ടതാകുന്നു. ആയതിനാൽ, പ്രത്യേക കെട്ടിടങ്ങളായ നമ്പറിംഗ് നടപടികൾ സ്വീകരിച്ചത് സംബന്ധിച്ചും, മേൽത്തരം തറ നിർമ്മിതിയുള്ള കെ അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് ബാധകമാക്കാതിരുന്നതിനുമുള്ള സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേ (10/14.07.2025), മേൽത്തരം തറ എന്ന് സഞ്ചയ സോഫ്റ്റ് വേറിൽ നൽകിയിട്ടുണ്ടെങ്കിലും വസ്തു നികുതിയുടെ 15% വർദ്ധനവ് സോഫ്റ്റ് വേർ മുഖേന വരുത്തുവാൻ സാധിക്കുന്നി ലഭ്യമായിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ മേൽത്തരം തറ നിർമ്മിതിക്കുള്ള വസ്തുനികു

കണക്കാക്കാത്തത് മൂലം, 3469/- രൂപ കുറവായിട്ടാണ് നികുതി നിർണ്ണയിക്കപ്പെട്ടത്. മേ നിർമ്മിതിയുള്ള കെട്ടിടങ്ങൾ വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ ഇപ്രകാരം 15% ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു. പ്രസ്തുത വിഷയത്തിൽ സോഫ്റ്റ്വേർ നിലനിൽക്കുന്നെങ്കിൽ, ആയത് IKM -മായി തുടർനടപടികൾ സ്വീകരിച്ച് പരിഹരി കെട്ടിടത്തിന് 15% നികുതി വർദ്ധനവ് ഡേറ്റാബേസിൽ ഉൾപ്പെടുത്തേണ്ടതുമാണ്. വിസ്തീർണ്ണമുള്ള കെട്ടിടത്തിന്, 500 ച. മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ള അപാകത ഉൾപ്പെടെ പ നടപടികൾ പൂർത്തിയാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞ നി നികുതി നിർണ്ണയിച്ചു

സഞ്ചയ വെബ് പോർട്ടൽ നികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, വാണി ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി നിർണ്ണയിച്ചതായി വ്യക്തമാകുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതി ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോ ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ, പ്രത്യേക കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടി പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ, പഞ്ചായത്തിൽ ഒരേ ഉടമ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100 ച. മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത ഭാഗത്തിനും വിവിധ നമ്പരുകൾ നൽകി, ച. മീറ്ററിന് 45/- രൂപ നിരക്കിൽ (വാണിജ്യാവ 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോ ഉപയോഗക്രമത്തിൽ) 02.11.2021 തീയതിയിലാണ് നികുതി നിർണ്ണയിക്കപ്പെട്ടിരിക്കുന്ന ഉപയോഗക്രമം അല്ലാതിരിക്കെ, കെട്ടിടങ്ങൾക്ക് ഇപ്രകാരം വിഭജിച്ച് വസ്തുനികുതി നിർണ്ണ ചട്ടപ്രകാരമുള്ള നികുതി തുക ഈടാക്കുവാൻ സാധിച്ചിട്ടില്ലായെന്ന് കാണുന്നു. കെട്ടിടങ്ങ വിശദാംശങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് /വിലാസം | തറ വിസ്തീർണ്ണം (ച. മീ) | നിലവിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|---|
| 1) | X/ 370 J | ജോസ്. എം. പി മണലോടിയിൽ കുത്താട്ടുകുളം | 47.78 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 2) | X/ 370 K | | 40.86 | |
| 3) | X/ 370 B | | 45.77 | |
| 4) | X/ 370 D | | 42.86 | |
| | | **ആകെ** | **177.27** | |

ഇപ്രകാരം വിഭജിച്ച് നമ്പറിംഗ് നടത്തി നികുതി നിർണ്ണയിക്കപ്പെട്ടതിന്റെയും, ചട്ടപ്രകാരമു ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയ നടപടികൾ സ്വീകരിക്കാതിര ഉൾപ്പെടെയുള്ള നികുതി നിർണ്ണയത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽ അന്വേഷണക്കുറിപ്പിന് (12/14.07.2025), കെട്ടിടങ്ങൾക്ക് നിലവിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉ ഫീൽഡ് പരിശോധന നടത്തി പുനഃക്രമീകരിക്കുന്നതാണെന്ന മറുപടി ലഭ്യമായിട്ടുണ്ട്. ഇപ്ര നമ്പറിംഗ് നടത്തി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രസ്തുത കെട്ടിടം, ഉചിതമായ ഉപയോ ഉൾപ്പെടുത്തി നികുതി പുനർനിർണയിക്കുവാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേ

## 1-14 ബാപ്പുജി അൺ എയ്ഡഡ് പബ്ലിക് സ്കൂൾ, എലിവാലി - വകുപ്പ് 207 ന്റെ പരിധി ഉൾപ്പെടുത്തി വസ്തു നികുതി ഒഴിവാക്കി നൽകി

സഞ്ചയ വെബ് പോർട്ടൽ നികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം, കടനാട് ഗ്രാമ പ വാർഡ് - VII (എലിവാലി) -ൽ ഉൾപ്പെട്ട ഹെഡ്മാസ്റ്റർ, ബാപ്പുജി പബ്ലിക് സ്കൂൾ, പിൻ -

ഉടമസ്ഥതയിലുള്ള 102, 103 എന്നീ നമ്പർ കെട്ടിടങ്ങൾ നികുതിയിൽ നിന്നും ഒഴിവ
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് / വിലാസം | തറ വിസ്തീർണ്ണം (ച. മീ) | നിലവിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗക്രമം | നിലവിൽ നിർണ്ണയിക്കപ്പെട്ടി നികുതി |
|---|---|---|---|---|---|
| 1) | VII/ 102 | ഹെഡ്മാസ്റ്റർ ബാപ്പുജി പബ്ലിക് സ്കൂൾ പിൻ - 686 651 | 800 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | നികുതിയിനത്തിൽ തുകയൊന്നും നിർണ്ണയിക്കപ്പെട്ടി |
| 2) | VII/ 103 | | 28 | | |
| | | **ആകെ** | **828** | | |

1994 കേരള പഞ്ചായത്ത് രാജ് ആക്ട് - 207 വകുപ്പ് പ്രകാരം, കേന്ദ്ര സർക്കാർ വകയോ സർക്കാർ വകയോ, കേന്ദ്ര സർക്കാരിന്റെയൊ സംസ്ഥാന സർക്കാരിന്റെയൊ ധനസം പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉ കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ കെട്ടിടങ്ങൾക്കും മാത്രമാണ് നികുതി, ഉപനികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള

01/11/2018 തീയതിയിലാണ് പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതെ നിലവിൽ, ഗ്രാമ പഞ്ചായത്തിന്റെ SC-1/1322/2023/12.09.2023 നം. വസ്തു നികുതി പരിഷ്ക പ്രകാരം, വിദ്യാഭ്യാസ/അനുബന്ധ സ്ഥാപനങ്ങൾക്ക്, ചതുരശ്ര മീറ്ററിന് 7/- രൂപ നിരക്കി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനം ഗവൺമെന്റ് എയ്ഡഡ് ഉൾപ്പെട്ടതാണോയെന്നത് സംബന്ധിച്ചും, ടി കെട്ടിടത്തെ വസ്തു നികുതി ഡിമാന്റിൽ ഉൾ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഉപയോഗക്രമത്തിൽ വസ്തു നികുതി ഒഴിവാക്കി നൽകിയതിന്റെ സാഹചര്യം സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/14.07.2025), പ്രസ്തുത സ്ഥ എയ്ഡഡ് സ്കൂളാണെന്നും, 2025 ഏപ്രിൽ മാസം മുതൽ പ്രവർത്തനം അവസാനിപ്പിച്ചെ ലഭ്യമായിട്ടുണ്ട്. സഞ്ചയ വെബ് പോർട്ടൽ പ്രകാരം, 01/11/2018 തീയതിയിൽ നികുതി നിർണ്ണ സ്ഥാപനം, 2025 മാർച്ച് 31 വരെ പ്രവർത്തിച്ചിട്ടുള്ളതായി ലഭ്യമായ മറുപടിയിൽ നിന്നും നാളിതുവരെ ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ഈടാക്കാതിരുന്നതിന്റെ സാഹചര്യം പരാമർശിച്ചിട്ടില്ല. നിലവിൽ 'ഡെമോളിഷ്ഡ് കാറ്റഗറിയിൽ' ഉൾപ്പെട്ടിട്ടില്ലാത്ത പ്രസ്തുത നികുതി നിർണ്ണയത്തിൽ നിലനിൽക്കുന്ന അപാകത പരിഹരിച്ച്, യഥാവിധി നികുതി നിർ കുടിശ്ശിക ഉൾപ്പെടെയുള്ള തുക (2025 മാർച്ച് 31 വരെയുള്ള കാലയളവിലെ) ഡ ഈടാക്കേണ്ടതും, ഫോം - VI ഉൾപ്പെടെ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാ സംബന്ധിച്ച്, ബഹു. ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-15 സെൻറ് ജോർജ്ജ് ചർച്ച്, എലിവാലി - കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ അ**

സഞ്ചയ വെബ് പോർട്ടൽ നികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം, കടനാട് ഗ്രാമ പ വാർഡ് VII (എലിവാലി) -ൽ ഉൾപ്പെട്ട വികാർ, സെൻറ് ജോർജ്ജ് ചർച്ച്, എല ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് / വിലാസം | തറ വിസ്തീർണ്ണം (ച. മീ) | നിലവിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|---|
| 1) | VII/ 55 | വികാർ സെൻറ് ജോർജ്ജ് | 40 | പാർപ്പിടാവശ്യം |
| 2) | VII/ 56 | | 350 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട |

| | | | | |
|---|---|---|---|---|
| | | ചർച്ച് | | കെട്ടിടങ്ങൾ |
| 3) | VII/ 56 A | എലിവാലി | 285.27 | പാർപ്പിടാവശ്യം |
| 4) | VII/ 59 | | 50 | ആരാധനാലയങ്ങൾ |
| | | **ആകെ** | **725.27** | |

കടനാട് ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ വിവാഹ രജിസ്ട്രേഷൻ രേഖകൾ പ്ര ദേവാലയത്തിൽ നിരവധി വിവാഹങ്ങൾ നടന്നിട്ടുള്ളതായി വ്യക്തമാകുന്നു. ടി കെട്ടിടങ്ങളി കെട്ടിടം (കൺവെൻഷൻ സെൻറർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, സിന ഉടങ്ങിയവ)" എന്ന ഉപയോഗക്രമത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ള ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ, വിവാഹ സൽക്കാരത്തിനും മറ്റ് വിവിധ ചടങ്ങു ദേവാലയത്തിലെ കെട്ടിടങ്ങളിൽ ഏതെങ്കിലും ഉപയോഗപ്പെടുത്തുന്നുണ്ടോയെന്നത് കെട്ടിടം ഉപയോഗപ്പെടുത്തുമ്പോൾ ഉടമ ബന്ധപ്പെട്ട കക്ഷികളിൽ നിന്നും, വാടകയി ഈടാക്കുന്നുണ്ടോയെന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/14.07.2025), പള്ളിയോട് ചേർന്ന് ഏകദേശം 80 ച. മീ കെട്ടിടമുണ്ടെന്നും, ആയത് വിവാഹ സൽക്കാരത്തിനോ മറ്റ് ആ ഉപയോഗിക്കുന്നില്ലായെന്ന് അറിയുന്നുവെന്നും, കെട്ടിട നം. ലഭിക്കുന്നതിനായി നാളിതുവ നൽകിയിട്ടില്ലാത്ത ടി കെട്ടിടത്തിന്റെ മേൽക്കൂരയിൽ ചോർച്ചയുള്ളതിനാൽ പൊളിച്ച ആലോചനയിലാണെന്ന് പള്ളി വികാരി അറിയിച്ചിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമായിട്ടു പള്ളിയുടെ കോമ്പൗണ്ടിൽ ഉൾപ്പെട്ട ഒരു കെട്ടിടം വിവാഹ സൽക്കാരത്തിനും ചടങ്ങുകൾക്കുമായി ഉപയോഗപ്പെടുത്തുന്നതായി പ്രാദേശിക അന്വേഷണത്തിൽ അറിയുന്ന അനുബന്ധിച്ച് അപ്രകാരമുള്ള ഒരു കെട്ടിടം നികുതി നിർണ്ണയ രേഖകളിൽ ഉൾ സാഹചര്യത്തിൽ (മേൽ പട്ടിക പ്രകാരം) അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊ അന്വേഷണക്കുറിപ്പിന് ലഭ്യമായ മറുപടി പൂർണ്ണവും വ്യക്തവുമല്ലായെന്ന് കാണുന്നു. പരാമർശിച്ചിട്ടുള്ള, കെട്ടിട നം. ലഭിക്കുന്നതിനായി നാളിതുവരെ അപേക്ഷ നൽകാത്ത, ഏ മീ ഷീറ്റ് മേഞ്ഞ അനധികൃത കെട്ടിടത്തിന്റെ ക്രമവത്കരണ നടപടികളുടെയോ, നടപടികളുടെയോ വിശദാംശങ്ങൾ ലഭ്യമാകുന്നില്ല. ആയതിനാൽ, വിഷയം സംബന്ധ പരിശോധന നടത്തി, ടി കോമ്പൗണ്ടിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ ഉപയോഗക്രമം ഉറപ്പുവരുത്തേണ്ടതും, യഥാവിധി നികുതി നിർണ്ണയ നടപടികൾ പൂർത്തീകരിച്ച് (നിക ഈടാക്കേണ്ട സാഹചര്യം ഉണ്ടെങ്കിൽ, ആയത് ഉൾപ്പെടെ) വിവരം രേഖാമൂല അറിയിക്കേണ്ടതുമാണ്. വിഷയത്തിലേക്ക് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്ര ക്ഷണിക്കുന്നു.

## 1-16 പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല

കടനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ തൊഴിൽ നികുതി ചുമത്തുന്നില്ല. 2024-25 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയി പ്രോജക്ടുകൾ ഏറ്റെടുത്ത 14 പേരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണു പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരുടെ വിശദാംശം ലഭ്യമായിരുന്നിട്ടും 1994 പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം തൊഴിൽ നികുതി ചുമത്താതിരുന്നതി വ്യക്തമല്ല. പഞ്ചായത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ 2024-25 വർഷത്തെ എഗ്രി പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമച്ച ശേഷവും നികുതി ഒടുക്കാത്ത കരാറുകാര താഴെ ചേർക്കുന്നു.

| ക്രമ നം. | 2024-25 ലെ കരാറുകാരുടെ പേരുകൾ |
|---|---|
| 1. | ജിജി കുര്യാക്കോസ് |
| 2. | ശ്രീലക്ഷ്മി ആർ നായർ |
| 3. | ജേക്കബ് മാത്യു |
| 4. | അമൽ ജോൺ |
| 5. | സുധാകരൻ പി എൻ |

| | |
|---|---|
| 6. | അബ്ദുൽ ഫൈസി |
| 7. | അമ്പിളി വിജയൻ |
| 8. | സ്റ്റാർ കൺസ്ട്രക്ഷൻ |
| 9. | ജോബിൻ ജോസഫ് |
| 10. | റോണി കുര്യാക്കോസ് |
| 11. | രാജീവ് രാജു |
| 12. | അഗസ്റ്റിൻ ജോസഫ് |
| 13. | അനീഷ് കുമാർ ടി |
| 14. | ഷാഹൽ ഹമീദ് |

കരാറുകാർ മറ്റ് തദ്ദേശ സ്ഥാപന പ്രദേശത്തുകൂടി പ്രവർത്തിക്കുന്നവരാണെങ്കി തൊഴിൽ നികുതി ഒടുക്ക് വിവരം പരിശോധിച്ച് നികുതി ഡിമാന്റ് ചെയ്യേണ്ടതായിരുന്നു. തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരു തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത് ഫണ്ടിനു വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽ എൻക്വയറിക്ക് (21/16-07-2025) മറുപടിയായി 14 കരാറുകാർക്കും തൊഴിൽ നികുതി അ നൽകിയെന്നും അടയ്ക്കുന്ന മുറയ്ക്ക് രസീത് ഹാജരാക്കാമെന്നും അറിയിച്ചു.കരാറുകാരുടെ തെ 2024-25 വർഷത്തേത് നടപ്പ് വർഷം കുടിശികയായി Prior Period Tax റവന്യൂ അടവാക്കിയ ശേഷം ആയതിന്റെ നികുതി ഒടുക്കിയ രസീതുകളും ഡിമാന്റ് ലിസ്റ്റും സ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-17 അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.

കടനാട് ഗ്രാമ പഞ്ചായത്തിലെ LID & EW സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ പേര് ഐ കുറമണ്ണ് ബ്രാഞ്ചിൽ കറന്റ് അക്കൗണ്ട് ഉള്ളതായി കാണുന്നു ( അക്കൗണ്ട് നം. 3816 അക്കൗണ്ടിൽ 5.5.2025 ൽ 160925 രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. ഇതിൽ 107830 രൂപ 20 ഇ-ടെണ്ടർ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തു 796267/ 5.5.2025 പ്രകാരം സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൌണ്ടിലേക്ക് ബാക്കി 53095 രൂപ 5.5.2025 ൽ നീക്കിയിരിപ്പ് ഉണ്ട് ഈ തുക ഏത് ഇനത്തിലു വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 17/14.7.25-ാം നമ്പർ ഓഡിറ്റ് എൻക്വ ലഭ്യമാക്കിയതിൽ 12.9.24 ന് മുൻപ് വിവിധ മരാമത്ത് പ്രവൃത്തികൾക്കായി പഞ്ചായത്തിൽ അക്കൌണ്ടിലേക്ക് കൈമാറിയ തുകകളിൽ നിന്നുള്ള റിക്കവറി തുകയാണ് എന്ന് അറി തുകകൾ ഏത് ഇനത്തിലുള്ളതാണെന്ന് കൃത്യമായി നിർണ്ണയിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങ വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-18 അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തുക കൈമാറൽ- കെട്ടിടനിർമ്മാണം അ

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | S0263/25,<br>അഴികണ്ണി അങ്കണവാടി നിർമ്മാണത്തിനായി തുക കൈമാറൽ |
| അടങ്കൽ | 1500000/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്-500000/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് -1000000/-) |
| ചെലവ് | 500000/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം. | 450000- 329/23.03.25<br>50000- 360/25.03.25 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

കടനാട് ഗ്രാമപഞ്ചായത്തിന് കീഴിൽ അഴികണ്ണി അങ്കണവാടി കെട്ടിടം (ദെ നിർമ്മിക്കുന്നതിനായി എം.ജി.എൻ.ആർ.ഇ.ജി.എസ് കൺവർജൻസ് പദ്ധതിയ എം.ജി.എൻ.ആർ.ഇ.ജി.എ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മേൽ ബില്ലുകൾ ( നൽകിയിട്ടുണ്ട്. മേൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് തുക വിനിയോഗിച്ചതിന്റെ വി അങ്കണവാടികൾ ടി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/10.07.25) ടി കെട്ടിടം സ്ഥലത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്ന പദ്ധതി നടപ്പുവർഷം ഏറ്റെടുത്തിട്ടുണ്ടെന്നും ട ഭിത്തി നിർമ്മിച്ചതിന് ശേഷം മാത്രമേ കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കഴിയൂ എന്നും തന്നെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് അങ്കണവാടി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. മേൽ സാഹചര്യത്തിൽ അങ്കണ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നത് വരെ 500000/-രൂപയുടെ ചെല തടസ്സപ്പെടുത്തുന്നു. തുടർ പ്രവൃത്തികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കലും മീറ്റർ സ്ഥാപിക്കലും- വിനിയോഗിച്ചതിന് ശേഷമുള്ള ക്രമീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം.,പേര് | S0264/25,<br>സ്ട്രീറ്റ് ലൈൻ സ്ഥാപിക്കലും മീറ്റർ സ്ഥാപിക്കലും |
| അടങ്കൽ | 800000/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്-725000<br>തനത് ഫണ്ട് - 75000) |
| ചെലവ് | 799887/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്-725000<br>തനത് ഫണ്ട് - 74887) |
| ബിൽ നം. | 652500/- 262/18.03.2025<br>72500/- 263/18.03.2025<br>74887/- 264/18.03.2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

